I/65004/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി , കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: ബിന്ദുഗോപിനാഥ് , ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/4959/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 03-11-2022

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - തൃശ്ശൂർ സ്വദേശി **അദ്വൈത് കൃഷ്ണ** എന്ന കുട്ടിക്ക് ബാലനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്--

പരാമർശം : തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 06/10/2022 ലെ DCPO/TSR/BN - 2/2022 നമ്പർ കത്ത്

തൃശ്ശൂർ ജില്ലയിൽ മുളയം അയ്യപ്പൻകാവ് ക്ഷേത്രത്തിൽ സമീപം ശ്രീ.ബൃന്ദാവൻ, ശ്രീമതി. ജയ എന്നീ ദമ്പതികളുടെ മകനായ അദ്വൈത് കൃഷ്ണ (12 വയസ്സ്) എന്ന കുട്ടിക്ക് പ്രായത്തിന് അനുസരിച്ചുള്ള ശാരീരിക വളർച്ച, മാനസിക വളർച്ച ഇല്ലെന്ന് കണ്ടെത്തുകയും,തുടർന്നുള്ള പരിശോധനയിൽ കുട്ടിക്ക് ഹോർമോൺ വ്യതിയാനം മൂലമുള്ള റസൽ സിൽവർ എന്ന രോഗമുണ്ടെന്ന കണ്ടെത്തുകയും ചെയ്തു. കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 27,045/-/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള തൃശ്ശൂർ ജില്ലയിൽ മുളയം അയ്യപ്പൻകാവ് ക്ഷേത്രത്തിൽ സമീപം ശ്രീ.ബൃന്ദാവൻ, ശ്രീമതി. ജയ എന്നീ ദമ്പതികളുടെ മകനായ അദ്വൈത് കൃഷ്ണ എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ 27,045/-**രൂപ (ഇരുപത്തി എഴായിരത്തി നാൽപത്തിഅഞ്ച് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

I/65004/2022

ടി തുകയായ 27,045/-രൂപ (ഇരുപത്തി എഴായിരത്തി നാൽപത്തിഅഞ്ച് രൂപ മാത്രം) 2235-02-106-91 (P) എന്ന ശീർഷകത്തിൽ നിന്നും തൃശ്ശൂർ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റ് നൽകേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക തൃശ്ശൂർ ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് അലോട്ടുമെന്റ് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, തൃശ്ശൂർ

പകർപ്പ്:

1. സൂപ്രണ്ട് A സെക്ഷൻ
2. ജില്ലാ വനിതാ ശിശു വികസന ഓഫീസർ തൃശ്ശൂർ
3. ICPS -10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്